**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3623 30.01.2014 ൽ മറുപടിക്ക്**

**<u>ഐ.ആർ.ബി. റഗുലർ, കമാൻഡോ വിഭാഗങ്ങളുടെ വേതന വ്യത്യാസം പരിഹരിക്കാൻ നടപടി</u>**

| ചോദ്യം<br>**ശ്രീ.എ.എ.അസീസ്**<br>**ശ്രീ.കോവൂർ കുഞ്ഞുമോൻ** | മറുപടി<br>**രമേശ് ചെന്നിത്തല**<br>**(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി)** |
|---|---|
| എ) പോലീസ് സേനയിൽ പുതുതായി രൂപം കൊണ്ട ഇന്ത്യൻ റിസർവ്വ് ബറ്റാലിയൻ റഗുലർ വിംഗിനും കമാൻഡോ വിംഗിനും ട്രയിനിംഗിലും സർവ്വീസിലുമുള്ള പ്രധാന വ്യത്യാസം വിശദമാക്കുമോ; | (എ) ഇന്ത്യാ റിസർവ്വ് ബറ്റാലിയൻ റെഗുലർ വിംഗ് സേനാംഗങ്ങൾക്ക് 9 മാസത്തെ അടിസ്ഥാന പരിശീലനവും, 9 മാസം ബി.എസ്.എഫ്., സി.ആർ.പി.എഫ്. എന്നിവിടങ്ങളിലെ അറ്റാച്ച്മെന്റ് ട്രെയിനിംഗുമാണ് നിഷ്കർഷിച്ചിട്ടുള്ളത്. കമാൻഡോ വിഭാഗത്തിന് 9 മാസത്തെ അടിസ്ഥാന പരിശീലനവും ആർമി, നേവി,എയർഫോഴ്സ്, എൻ.എസ്.ജി., സി.പി.എഫ്.എസ് എന്നിവിടങ്ങളിൽ സ്പെഷ്യൽ കമാൻഡോ പരിശീലനം, ഇൻസർജൻസി ട്രയിനിംഗ് എന്നിവയും നൽകുന്നു. റെഗുലർ വിംഗ് സേനാംഗങ്ങളെ രാജ്യം നേരിടുന്ന തീവ്രവാദ ഭീഷണി, ഭീകരാക്രമണം, വർഗ്ഗീയ സംഘർഷം എന്നിവ നേരിടുന്നതിനും ക്രമസമാധാന പാലനത്തിനുമായി ഉപയോഗിച്ചു വരുന്നു. കമാൻഡോ സേനാംഗങ്ങളെ രാജ്യം നേരിടുന്ന ഭീകരപ്രവർത്തനങ്ങൾ / ആക്രമണ-ങ്ങൾ അമർച്ച ചെയ്യുന്നതിനും ഭീകര പ്രവർത്ത-നങ്ങൾ തടയുക, ബോംബുകൾ നിർവ്വീര്യമാക്കുക, തട്ടിക്കൊണ്ടുപോയി ബന്ദികളാക്കുന്ന |

| | |
|---|---|
| | വരെ മോചിപ്പിക്കുക. റെയ്ഡുകൾ നടത്തി ഭീകരരെ നേരിടുക എന്നീ വളരെ അപകട സാദ്ധ്യതയുള്ള ഡ്യൂട്ടികളാണ് ഐ.ആർ.ബി. കമാൻഡോ വിഭാഗത്തിനായി നിഷ്കർഷിച്ചിട്ടുള്ളത്. |
| **ബി)** റഗുലർ, കമാൻഡോ വിഭാഗങ്ങൾ ഒരേ നോട്ടിഫിക്കേഷൻ പ്രകാരം ജോലിയിൽ പ്രവേശിച്ചവരും ഒരേ പോലെ 18 മാസത്തെ ട്രയിനിംഗ് നേടിയവരുമായിട്ടും രണ്ട് തരം അലവൻസുകളും വേതന വ്യത്യാസവും നിലവിലിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | **(ബി)** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭീകര പ്രവർത്തനങ്ങൾ തടയുക, ബോംബുകൾ നിർവ്വീര്യമാക്കുക, തട്ടിക്കൊണ്ടുപോയി ബന്ദികളാക്കുന്നവരെ മോചിപ്പിക്കുക. റെയ്ഡുകൾ നടത്തി ഭീകരരെ നേരിടുക എന്നീ വളരെ അപകട സാദ്ധ്യതയുള്ള ഡ്യൂട്ടികളാണ് ഐ.ആർ.ബി തണ്ടർബോൾട്ട്സ് കമാൻഡോ വിഭാഗത്തിനായി നിഷ്കർഷിച്ചിട്ടുള്ളത്. ആയതിനാലാണ് കമാൻഡോ വിങ്ങിന് പ്രത്യേക ആനുകൂല്യങ്ങൾ ബാധകമാക്കിയിട്ടുള്ളത്. |
| **സി)** ഭീകരാക്രമണം, തീവ്രവാദി ഭീഷണി, വർഗ്ഗീയ സംഘർഷം, വി.ഐ.പി. സംരക്ഷണം എന്നിവയ്ക്ക് ഐ.ആർ.ബി. റഗുലർ വിഭാഗക്കാരെ അന്യ സംസ്ഥാനങ്ങളിൽ വിന്യസിക്കുമ്പോൾ കമാൻഡോ വിഭാഗക്കാരെ ഒഴിവാക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | **(സി)** ഇല്ല. |

സെക്ഷൻ ഓഫീസർ